## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1849** **17.12.2012 ൽ മറുപടിയ്ക്ക്**

### <u>പറമ്പിക്കുളം ആളിയാർ പ്രോജക്ട് കരാർ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കേരളവും തമിഴ്നാടും തമ്മിലുള്ള പറമ്പിക്കുളം ആളിയാർ പ്രോജക്ട് കരാർ പ്രകാരം കേരളത്തിന് അവകാശപ്പെട്ട വെള്ളം ലഭ്യമാക്കുന്നതിനും വർഷത്തിൽ 2 തവണ സെപ്റ്റംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും കേരളത്തിലെ ലോവർ ഷോളയാർ ഡാം പൂർണ്ണമായി നിറയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ; | എ) | പറമ്പിക്കുളം ആളിയാർ കരാറനുസരിച്ചുള്ള ജലം ലഭിച്ചു വരുന്നത് ജലക്രമീകരണം സംബന്ധിച്ച ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡ് യോഗത്തിലെ തീരുമാനം അനുസരിച്ചാണ്. ജല ലഭ്യത കുറയുന്ന അവസരത്തിൽ വിഷയം ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വരുന്നു.<br>കൂടാതെ 2009 ഫെബ്രുവരി മുതൽ 2012 ഫെബ്രുവരി വരെ തുടർച്ചയായി ഏഴ് തവണ ഫെബ്രുവരി ഒന്നിനും സെപ്തംബർ ഒന്നിനും ഫുൾ റിസർവ്വോയർ ലവൽ നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2012 സെപ്തംബർ ഒന്നിന് ഫുൾ റിസർവ്വോയർ ലവൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം സർക്കാർ തലത്തിൽ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ? | (ബി | വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നത് ഉറപ്പു വരുത്തുന്നതിനായി ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡ് യോഗങ്ങളിൽ ഉദ്യോഗസ്ഥ തലത്തിലും കൂടാതെ സർക്കാർ തലത്തിലും കേരളം ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ